Volume 2 Issue 1 December 2024

REFLECTION

Journal home page: https://www.sdcjournal.in/index.php/reflection

Research Article

# മാനവാനന്തരതയുടെ സൈദ്ധാതികതലങ്ങളും ധാർമ്മിക മാനങ്ങളും

**ഡോ. അഭിലാഷ് ഡോമിനിക്ക്**

സെൻ്റ് ഡോമിനിക്സ് കോളേജ് പാറത്തോട് (പി.ഒ) കാഞ്ഞിരപ്പള്ളി – 686512, Kerala, India

*Corresponding author (*E-mail address:abhimdominic@gmail.com*)

Received: 08/12/2024, Received in revised form: 22/12/2024, Accepted: 30/12/2024

**സംഗ്രഹം**

മാനവാനന്തരത എന്ന പദം ഉഭയമാനവികത നരവംശ കേന്ദ്രീകൃതാനന്തര, ദ്വൈതാനന്തരത, മാനവ കേന്ദ്രീകതാനന്തരത എന്നിങ്ങനെ പ്രത്യക്ഷത്തിൽ ഒന്നെന്നു തോന്നിക്കുന്ന അനേക പദങ്ങളുടെ സംഘാതമാണ്. എല്ലാകാലത്തും നിലവിലിരുന്ന ഒരു പ്രശ്നത്തെയാണ് ചിന്താ പദ്ധതി അഭിസംബോധന ചെയ്യുന്നത്. മനുഷ്യനെ പ്രപഞ്ചത്തിന്റെ കേന്ദ്രമായി കണ്ടു അവനുവേണ്ടി മറ്റെല്ലാത്തിനെയും ചിട്ടപ്പെടുത്തിയിരുന്ന ദർശനങ്ങളെയും ചിന്ത പദ്ധതികളെയും ആണ് മാനവാനന്തരത ചോദ്യം ചെയ്യുന്നത്. ശക്തമായ നിലപാടുകളിൽ അടിത്തറ ഇട്ടിരിക്കുന്ന ഈ ചിന്താരീതിയുടെ സൈദ്ധാന്തിക തലങ്ങൾ പ്രബന്ധം വിശകലന വിധേയമാക്കുന്നു.

*Keywords: നരവംശ കേന്ദ്രീകൃതത്വം(Anthropocentrism), മാനവികതാന്തരത(Transhumanism), ജ്ഞാനശാസ്ത്രം (Epistemology), ജ്ഞാനോദയം (Enlightenment), ദ്വൈതാനന്തരത (Post-dualism), നരവംശകേന്ദ്രീകൃതാനന്തരത (Post-anthropocentrism)*

**ആമുഖം**

സമകാലിക സൈദ്ധാന്തികവ്യവഹാരങ്ങളിൽ പ്രധാനസ്ഥാനം വഹിക്കുന്ന മാനവാനന്തരത (Posthumanism) സാഹിത്യത്തിലും തത്ത്വശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും സാമൂഹികശാസ്ത്രത്തിലും ഫെമിനിസത്തിലുമൊക്കെ സ്വാധീനം ചെലുത്താൻ തുടങ്ങിയിട്ട് ഏറെ നാളുകളായി. നവോത്ഥാനകാലം മുതൽ ശക്തമായ ആശയഗതിയായി നിലനിന്നിരുന്ന മാനവികതാവാദത്തിന്‍റെ പോരായ്മകൾ മാനവാനന്തരത ചൂണ്ടിക്കാണിച്ചു. പാശ്ചാത്യാധിഷ്ഠിതമായിരുന്ന ജ്ഞാനശാസ്ത്രത്തിൽ മനുഷ്യനുണ്ടായിരുന്ന പ്രഥമസ്ഥാനത്തെ തകർക്കുന്ന ചിന്താപദ്ധതിയാണിത് എന്നതാണ് ഇതിന്‍റെ ഏറ്റവും പ്രധാന പ്രത്യേകത, മാനവാനന്തരതയുടെ ശ്രദ്ധേയമായ പ്രത്യേകത പരമ്പരാഗത പാശ്ചാത്യചിന്തയിൽ കേന്ദ്രീകൃതമായ മാനവികതാവാദത്തിന്റെ തിരസ്കാരമാണ്.

ഹ്യൂമനിസം എന്ന പദം അതിൽത്തന്നെ മനുഷ്യകേന്ദ്രീകൃതമാണ്. ഗ്രീക്ക്, റോമൻ സംസ്കാരങ്ങൾ തത്ത്വചിന്തയുടെ കേന്ദ്രസ്ഥാനത്ത് മനുഷ്യനെ പ്രതിഷ്ഠിച്ചു. കർട്ടേസിയൻ (റെനെ ഡെക്കാർട്ടിന്റെ 1560-1650 ശാസ്ത്രീയതത്ത്വചിന്ത) ചിന്തയിലും മനുഷ്യനായിരുന്നു നായക(Subject)സ്ഥാനം. ഡെക്കാർട്ട് ഇതിന്‍റെ അടിസ്ഥാനത്തിലായിരുന്നു യുക്തിയിലൂന്നി മറ്റൊന്നിനോടും പ്രത്യേക താൽപര്യമില്ലാതെ –

മനുഷ്യനോട് മാത്രമുള്ള താൽപര്യത്തോടെ – ലോകത്തെ വിശദീകരിച്ചരുന്നത്. നവോത്ഥാന കാലത്തോടെ ആരംഭിക്കുന്ന ആധുനികശാസ്ത്രം അതിൻ്റെ ദർശന രൂപീകരണങ്ങൾക്കും മനുഷ്യൻ്റെ നിരീക്ഷണപാടവത്തെയും മനുഷ്യൻറെ യുക്തിയെയും ആണ് ആധാരമാക്കിയിരുന്നത്. അവിടെയും മനുഷ്യനായിരുന്നു കേന്ദ്രസ്ഥാനം. ഗ്രീക്ക് റോമൻ സംസ്കാരം മുതൽ ആധുനിക കാലഘട്ടം വരെ മാനവികതാ വാദത്തിലൂന്നിയുള്ള സാമൂഹികക്രമമായിരുന്നു സാർവലൗകികമായി നിലവിലിരുന്നത്.അത് മനുഷ്യനെ പ്രപഞ്ചത്തിൽ നിന്നടർത്തിയെടുത്ത് പ്രത്യേക സ്ഥാനത്തു പ്രതിഷ്ഠിക്കുന്ന, അവനെ എല്ലാത്തിന്റെയും കേന്ദ്രം ആക്കുന്ന, മറ്റെല്ലാത്തിനെയും അവൻ്റെ കീഴിൽ ആക്കുന്ന രീതി ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിൽ ചോദ്യംചെയ്യപ്പെട്ടു.

ഉത്തരഘടനാവാദികളും ഉത്തരാധുനികചിന്തകരും ആധുനികചിന്താഗതികളെ മാറ്റി പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങളാരംഭിച്ചു. സാർവലൗകികമായി ആധുനികകാലഘട്ടത്തിൽ നിലവിലിരുന്ന ജ്ഞാനശാസ്ത്രങ്ങളെയും (Epistemologies) സൗന്ദര്യ ദർശനങ്ങളെയുമാണിവർ മാറ്റി പ്രതിഷ്ഠിക്കാൻ തുടങ്ങിയത്. അതോടെ പുതിയൊരു ജ്ഞാനശാസ്ത്രം ആവശ്യമാണെന്ന തോന്നൽ ശക്തമായി. മാനവികതാവാദ ത്തിനുശേഷമുള്ള (Humanism) കൂടുതൽ വിശാലമായ കാഴ്ചപ്പാടുള്ള ചിന്താരീതിയെ മാനവാനന്തരത (Posthumanism) എന്നു വിളിക്കാൻ തുടങ്ങി.

## 1. മാനവാനന്തരത നിർവ്വചനരൂപീകരണം

ഈജിപ്തിലെ കൈറോയിൽ ജനിച്ച് പിന്നീട് അമേരിക്കൻ സൈദ്ധാന്തികനായ ഇഹാബ് ഹസ്സനാണ് (Ihab Hassan1925–2015) മാനവാനന്തരത (Posthumanism) എന്ന പദത്തിനൊരു കൃത്യമായ നിർവ്വചനം മുന്നോട്ടുവെച്ചത്. ഹസ്സൻ തൻ്റെ 'Prometheus as Performer: Towards a Pothumanist culture?' എന്ന ലേഖനത്തിൽ ഫ്രഞ്ച് ബയോകെമിസ്റ്റായ മൊണാഡിൻ്റെ (Jaques Monad 1910–1976) അഭിപ്രായത്തെ ആധാരമാക്കിപ്പറയുന്നു. മനുഷ്യൻ എന്ന ജീവി ഭൂമിയിൽ ഏറ്റവും വ്യതിരിക്തമായ സജീവവസ്തു(organism)വാണ്. അതോടൊപ്പം അതിൽത്തന്നെ ഏറ്റവും ശ്രേഷ്ഠവുമാണ് (self transcendent). അദ്ദേഹം കൂട്ടിച്ചേർക്കുന്നു, മനുഷ്യന് സവിശേഷബുദ്ധി(consciounsess)യുള്ളതുകൊണ്ട് എല്ലാത്തിലും മേൽക്കൈ നേടുന്നതിനും സാധ്യമാണ് [1]. പ്രൊമേതൃൂസിനെ രൂപകമാക്കി അദ്ദേഹം പറയുന്നു, ഒന്നിലധികം കാര്യങ്ങളുടെ സങ്കീർണ്ണാവസ്ഥയാലുണ്ടാകാവുന്ന സംഘർഷത്തിൽപ്പെട്ടവരുടെ പ്രതീകമാണ് പ്രൊമേതൃൂസ്. അവൻ്റെ മനസ്സ് ഭാഷയും ശാസ്ത്രവും, പുരാവൃത്തവും സാങ്കേതികതയും, ഭാഷയും അക്കങ്ങളും ഒന്നാകുന്നതു പോലെ [1] സംഘർഷത്തിൽ ആയിരിക്കുമെന്ന് ചുരുക്കം. ഇദ്ദേഹം പറയുന്നതിൽ പ്രത്യേകശ്രദ്ധ കൊടുക്കേണ്ട ചില കാര്യങ്ങളുണ്ട്. മനുഷ്യനെ മനുഷ്യജീവി (human animal) എന്നാണ് ഇദ്ദേഹം വിളിക്കുന്നത്. ഇത് മനുഷ്യനെ നായക (Subject) സ്ഥാനത്തുനിന്നു മാറ്റി മറ്റു പല ജീവികളുടേയും ഒപ്പം ചേർക്കുന്നതിനുള്ള ആദ്യപടിയാണിത്. കൂടാതെ പോസ്റ്റ് ഹ്യൂമനിസത്തിൽ ഭാവനയും ശാസ്ത്രവും ഒന്നാകുന്നതിനു തുല്യമായ മാറ്റമാണ് സംഭവിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

മാനവികതാവാദത്തിൻ്റെ പ്രധാന പ്രശ്നമായി ഹസ്സൻ എടുത്തുകാണിക്കുന്നത് മാനവികതാ വാദികൾ ചിന്തയിൽ പിന്നാക്കമാണെന്നതാണ്. ശാസ്ത്രവും ഭാവനയും തമ്മിലും സാങ്കേതികവിദ്യയും പുരാവൃത്തവും തമ്മിലുമുണ്ടാകുന്ന അതിശയകരമായ ഒത്തുചേരലിനെ മനസ്സിലാക്കാൻ തക്ക ശക്തിയില്ലാത്തവരാണ് അവർ [1]. കർട്ടേസിയൻ വീക്ഷണപ്രകാരം പ്രപഞ്ചത്തെ ഒരു വസ്തുവും

മനുഷ്യനെ അതിൻ്റെ നായകനുമാക്കുന്ന രീതിശാസ്ത്രത്തിൻ്റെ പോരായ ആദ്യമായി എടുത്തുകാണിക്കുന്നത് ഹസ്സനായിരുന്നു. ഹസ്സന്റെ അഭിപ്രായങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് അന്നുവരെ പരസ്പരവിരുദ്ധമായിക്കണ്ടിരുന്ന പലതിനെയും അനേക കാലങ്ങളായി നിലവിലുണ്ടായിരുന്ന അതിർത്തികളെ മാറ്റി ഒന്നാക്കി സങ്കല്പ്പിച്ചു എന്നതാണ്. ആ ഒന്നാക്കൽ വഴി ഇദ്ദേഹം എല്ലാത്തിൻ്റെയും സ്ഥാനത്തെ ഉയർത്തുക എന്ന ആശയമാണ് മുന്നോട്ടുവച്ചത്.

## 2. പോസ്റ്റ്ഹ്യൂമനിസം

പോസ്റ്റ്ഹ്യൂമനിസം എന്ന പദത്തിൻ്റെ ഉത്പത്തിതന്നെ ഹ്യൂമനിസം എന്ന ചിന്താധാരയിൽ നിന്നാണ് മനുഷ്യനു പരമപ്രാധാന്യം നൽകുന്ന ഹ്യൂമനിസം നവോത്ഥാനത്തിന്റെ ഫലമായുണ്ടായ ജ്ഞാനോദയത്തിൻ്റെ (Enlightenment) ഫലമായി പുതിയൊരുണർവിനു വിധേയമായി അങ്ങനെ നൂറ്റാണ്ടുകളായി മനുഷ്യകേന്ദ്രീകൃതമായി നിലനിന്നിരുന്ന വിജ്ഞാനശാസ്ത്രശാഖകളും സൗന്ദര്യാത്മക നിരീക്ഷണങ്ങളും ജ്ഞാനവാദ പാരമ്പര്യങ്ങളും നവോത്ഥാനജ്ഞാനോദയത്തിന്റെ ഫലമായി കൂടുതൽക്കൂടുതൽ മനുഷ്യകേന്ദ്രീകൃതമാവുകയും അവനെ പ്രപഞ്ചത്തിന്റെ അധികാരിയായി അവരോധിക്കുകയും ചെയ്തു. ഉത്തരാധുനികതയുടെ തരംഗങ്ങളിൽ മനുഷ്യൻ ഏകമുഖ നിർവ്വചനത്തിനു വഴങ്ങില്ല എന്നും അവൻ സാംസ്കാരികമായും ചരിത്രപരമായും പ്രത്യേകതയുള്ള ഒരു സങ്കല്പ (Notion)മാണെന്നുമുള്ള കാഴ്ചപ്പാടും വളർന്നു വന്നു.

ചരിത്രപരമായ പ്രത്യേകതകൾ എന്നത് അവൻ വിവിധ കാലഘട്ടങ്ങളിലൂടെയുള്ള അതിജീവനം വഴി നേടിയെടുത്ത വളർച്ചയെ സൂചിപ്പിക്കുന്നു. സാംസ്കാരിക പ്രത്യേകതകൾ എന്നത് മനുഷ്യൻ അവൻ ജീവിക്കുന്ന വ്യത്യസ്തമായ സംസ്കാരങ്ങളിൽ നടത്തുന്ന കൊടുക്കൽ വാങ്ങലുകളിലൂടെ സ്വായത്തമാക്കുന്ന ആർജ്ജിതസംസ്കൃതിയെക്കുറിക്കുന്നു. മനുഷ്യൻ എന്ന ജീവി ഒറ്റ യാഥാർത്ഥ്യം അല്ല മറിച്ച് 'പലമ'യെ ഉൾക്കൊള്ളുന്ന ഒന്നാണ് മനുഷ്യൻ ജാതി, മത, ലിംഗ (പുരുഷൻ, സ്ത്രീ, ഉഭയലിംഗം ), വർണ്ണ (കറുത്തവൻ, വെളുത്തവൻ), നരവംശ (പാശ്ചാത്യ-പൗരസ്ത്യ), ദേശ (രാജ്യങ്ങളുടെ വൈവിദ്ധ്യം, കൂടാതെ ഒരുദേശത്തുതന്നെയുള്ള വ്യത്യസ്ത സംസ്കാരം പുലർത്തുന്നവർ )പരമായി വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന വിശാലദർശനത്തിലേക്കു വന്നു. ഉത്തരാധുനികകാലഘട്ടത്തിൽ മനുഷ്യനെ പലതായി അപനിർമ്മിച്ചുവെങ്കിലും അവനു തന്നെയായിരുന്നു കേന്ദ്രസ്ഥാനം.

മനുഷ്യകുലത്തിൽത്തന്നെയുള്ള ഒരു വിഭാഗവും മറ്റൊരു വിഭാഗവും തമ്മിലുള്ള സംഘർഷത്തിനുള്ള ഉത്തരം തേടൽ ആയിരുന്നു ഉത്തരാധുനിക ചർച്ചകളിലും നടന്നത്. അവിടെ സ്ത്രീവാദനിരീക്ഷണങ്ങൾ, വംശീയതാപഠനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നടന്ന അപനിർമ്മിക്കലുകളിലെല്ലാം കാണുന്നത് മനുഷ്യൻ ഒന്നല്ല വ്യത്യസ്തനാണ്. മനുഷ്യരിൽത്തന്നെ പല മനുഷ്യരുണ്ട് എന്ന കാഴ്ചപ്പാടിലേക്കുള്ള വരവാണ്. അവിടെ ഈ നിലപാടുകളിൽ നിന്ന് മനുഷ്യന്റെ അന്തസ്സിനെപ്പറ്റി (മനുഷ്യജീവികളുടെ സ്ഥാനത്തെപറ്റിയുള്ള) ചർച്ചകൾ നടക്കുമ്പോഴും മനുഷ്യനെന്ന ഈ ജീവിവർഗ്ഗത്തെ മാത്രമേ പരിഗണിച്ചുള്ളൂ.

മനുഷ്യൻ എന്ന യാഥാർഥ്യത്തെപ്പറ്റി മാത്രം വിശകലനം നടത്തി പ്രപഞ്ചത്തിലെ അവന്റെ സ്ഥാനത്തെപ്പറ്റിയുള്ള ചർച്ചകൾ മാത്രം നടത്തിയ രീതി പോരായ്മയുള്ളതാണ് എന്നാണ് മാനവാനന്തരവാദികൾ പറയുന്നത്. പ്രപഞ്ചത്തെ കൂടുതൽ വിശാലമായ കാഴ്ചപ്പാടിൽ കാണണമെന്നും

മനുഷ്യനെമാത്രം കേന്ദ്രമാക്കുന്ന രീതി എതിർക്കപ്പെടുകയും ചെയ്യണമെന്ന ദർശനം അവർ പുലർത്തുന്നു. അതോടൊപ്പംതന്നെ പല കേന്ദ്രങ്ങളെയും പല താല്പര്യങ്ങളും അംഗീകരിക്കുകയും ചെയ്യുന്ന നിലപാടുതന്നെയാണിവിടെ. അതായത് അധീശത്വപരമായ കേന്ദ്രീകരണങ്ങളെ എതിർക്കുന്ന നിലപാടാണ് മാനവാനന്തരവാദികളുടേത് [2].

## 3. മാനവാനന്തരതയുടെ മൂന്നു മുഖങ്ങൾ

മനുഷ്യൻ എന്ന പദം ഒരു തുറന്ന പദമാണെന്നും പരിസ്ഥിതിശാസ്ത്രം (Ecology) നരവംശകേന്ദ്രീകൃതത്വം (Anthropocentrism) സാങ്കേതികവിദ്യ (Technology) സൈബോർഗുകൾ എന്നിങ്ങനെ പലതുമായി ബന്ധമുള്ള ഒരു പദമാണിതെന്നും മാനവാനന്തരവാദികൾ അഭിപ്രായപ്പെടുന്നു.

മാനവാനന്തരത ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യനെന്ന ജീവിവർഗ്ഗത്തെ പുനർനിർവ്വചിക്കുകയാണ്. മനുഷ്യൻ എന്ന ജീവിവർഗ്ഗത്തെപ്പറ്റി കാലാകാലങ്ങളായി പുലർത്തി വന്നിരുന്ന കാഴ്ചപ്പാടുകൾ പാശ്ചാത്യദർശനങ്ങളിലധിഷ്ഠിതമായ മനുഷ്യാധിപത്യ കാഴ്ചപ്പാടുകൾ ആയിരുന്നെന്നും അത് ഭൗതിക ലോകത്തിലെ എല്ലാ വസ്തുക്കളും തമ്മിൽ പുലർത്തുന്ന പരസ്പര ഗാഢബന്ധത്തെ ചോദ്യം ചെയ്യുന്നതുമാണ് എന്നാണ് ഇവരുടെ അഭിപ്രായം. മനുഷ്യനെപ്പറ്റി പാശ്ചാത്യചിന്തയിലൂന്നിയ ഈ കാഴ്ചപ്പാട് ഉദാത്തമായ മനുഷ്യപ്രകൃതി ദർശനങ്ങളെ അട്ടിമറിക്കുന്നുവെന്നു കാണാം.

മാനവാനന്തരം (Posthumen) എന്ന പദം പല ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു സംഘാതപദമാണ്. ഇതിൽ മാനവാനന്തരത (Posthumanism), മാനവികതാന്തരത (Transhumanism). എതിർമാനവികത (antihumanism), പുതുമാനവികത (newhumanism) എന്നിങ്ങനെ പല ചിന്താധാരകളും ഉണ്ട്.

മാനവാനന്തരതയുടെ മൂന്നു മുഖങ്ങൾ എന്നത് ഇതിൻ്റെ മൂന്നു നിർവചനങ്ങൾ തന്നെയാണ്. അവ (i) മാനവ – അനന്തരത (Post– humanism). (ii) നരവംശകേന്ദ്രീകൃതാനന്തരത (Post – anthropocentrism), (iii) ദ്വൈതാനന്തരം (Post–dualism) എന്നിവയാണ് മാനവാനന്തരവാദികളുടെ അഭിപ്രായത്തിൽ ഇത് അസ്തിത്വപരമായ ഒരു സമീപനമാണ് മാനവാനന്തരരാകുന്നതിനുള്ള അസ്തിത്വപരമായ ആയിത്തീരലിനുള്ള മൂന്നുവഴികളാണ് മാനവാനന്തതയുടെ മൂന്നു മുഖങ്ങളായി അവതരിപ്പിക്കപ്പെടുന്നത്.

### 3.1 മാനവ–അനന്തരത (Post–humanism)

പാശ്ചാത്യ ജ്ഞാനവാദ പാരമ്പര്യത്തിൽ മനുഷ്യനു കൊടുക്കുന്ന പരമപ്രധാന്യത്തിൽ നിന്നുള്ള മോചിപ്പിക്കൽ ആണിത്. മനുഷ്യനെ പ്രപഞ്ചത്തിൻ്റെ കേന്ദ്രവും ജീവികളുടെയെല്ലാം അധിപനുമായിക്കാണുന്ന, പ്രപഞ്ചം മുഴുവൻ മനുഷ്യൻ്റെ നിലനിൽപ്പിനും സുഖസൗകര്യങ്ങൾക്കും വേണ്ടിയാണെന്നുമുള്ള കാഴ്ചപ്പാടിനെതിരാണീ ദർശനം. മനുഷ്യൻ പ്രപഞ്ചവുമായും അതിലെ മറ്റു ജീവിവർഗങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ അവനെ മാത്രം പ്രപഞ്ചത്തിന്റെ

കേന്ദ്രമാക്കിയുള്ള നിലപാട്ടു രൂപീകരണം മാറ്റണം എന്നതാണ് ഇതിൻ്റെ വാദം. അതിനുപുറമേ പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളെയും (ജീവനില്ലാത്തവയെപ്പോലും) കേന്ദ്രമാക്കുന്നതു വഴിയേ സഹവർത്തിത്വത്തോടുകൂടിയ ജീവിതം സാദ്ധ്യമാകൂ. ചുരുക്കത്തിൽ മനുഷ്യനെ പ്രപഞ്ചത്തിന്റെ മകുടമോ കേന്ദ്രമോ ആക്കിയാൽ പ്രപഞ്ചത്തിൻ്റെ സന്തുലിനമായ നിലനിൽപ്പ് അപകടത്തിലാകുമെന്നും എല്ലാ ജീവജാലങ്ങൾക്കും തുല്യപ്രാധാന്യം നൽകണമെന്നുമുള്ള ദർശനമാണിതിൻ്റെ കാതൽ.

### 3.2 നരവംശകേന്ദ്രീകൃതാനന്തരത (Post– anthropocentrism)

നരവംശകേന്ദ്രീകൃതാനന്തരത മനസ്സിലാക്കാൻ നരവംശകേന്ദ്രീകൃതത്വം എന്താണെന്നു മനസ്സിലാക്കണം. നരവംശകേന്ദ്രീകൃതം എന്ന വാക്ക് അർത്ഥമാക്കുന്നത് മനുഷ്യകേന്ദ്രീകൃത വീക്ഷണം എന്നു തന്നെയാണ്. ഇതും മാനവികതയും തമ്മിലുള്ള വ്യത്യാസം മനുഷ്യനാണ് ഏറ്റവും ശ്രേഷ്ഠതയുള്ളവൻ അഥവാ വിലയുള്ളവൻ എന്നതാണ്. മറ്റെല്ലാ ജീവജാലങ്ങൾക്കും മനുഷ്യനുമായി ബന്ധിപ്പിച്ചാണ് മൂല്യം അല്ലെങ്കിൽ മനുഷ്യനവ എങ്ങനെ ഉപകാരപ്പെടും എന്നതിനെ ആധാരമാക്കിയാണ് അവയുടെ മൂല്യം. നരവംശകേന്ദ്രീകൃത ചിന്ത പ്രകാരം മനുഷ്യൻ അവനു വേണ്ടി മാത്രം ജീവിക്കുന്നു. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം അവൻ തന്നെയാണ് മറ്റു ജീവജാലങ്ങളെല്ലാം മനുഷ്യനു വേണ്ടി ജീവിക്കുന്നു. അവയുടെ ലക്ഷ്യം മനുഷ്യനുപകാരപ്പെടുക എന്നതാണ്.

നരവംശകേന്ദ്രീകൃത കാഴ്ചപ്പാടുപ്രകാരം ശ്രേഷ്ഠതയുള്ള, വിലയുള്ള (intrinsic value) ജീവിയാകണമെങ്കിൽ മനുഷ്യജീവിയായിരിക്കണം. ഇതുവഴി നമ്മൾ ഏതുകാലഘട്ടത്തിൽ ജീവിക്കുന്നുവോ ആ കാലഘട്ടത്തെയും മനുഷ്യനുമാത്രം പ്രാധാന്യമുള്ള കാലഘട്ടമായി നിർവ്വചിക്കുകയാണ്. വ്യവസായവിപ്ലവത്തോടെയാണിതു ശക്തമായത്. മനുഷ്യൻ്റെ നിലനില്പിനുവേണ്ടി പ്രകൃതിയെയും മറ്റു ജീവജാലങ്ങളെയും ഉപയോഗിക്കാമെന്ന ഉപയോഗിതാവാദമാണിതിന്റെ തത്വശാസ്ത്രം ഇവിടെ മനുഷ്യകുലത്തിനിടയിൽത്തന്നെയുള്ള വ്യത്യാസങ്ങൾ (വർഗ്ഗ, വർണ്ണ, ലിംഗ )ക്കതീതമായി എല്ലാ ജീവികളിലും ശ്രേഷ്ഠനാണ് മനുഷ്യൻ എന്ന നിലപാടിലെത്തുന്നു.

നരവംശകേന്ദ്രീകൃതാനന്തരത മനുഷ്യനു പ്രത്യേകമായി നൽകപ്പെടുന്ന ശ്രേഷ്ഠതയെ നിരാകരിക്കുന്നു. വ്യവസായവിപ്ലവഫലമായി അനേകം ജീവിവർഗ്ഗങ്ങൾ അന്യം നിന്നുപോയതിന്റെ കാരണം നരവംശകേന്ദ്രീകൃതകാഴ്ചപ്പാടാണെന്ന യാഥാർത്ഥ്യം നിലനിക്കെ മനുഷ്യന് മറ്റു ജീവിവർഗ്ഗങ്ങൾക്കുള്ള ശ്രേഷ്ഠത മതിയെന്ന ആശയമാണിതു മുന്നോട്ടുവയ്ക്കുന്നത്.

### 3.3 ദ്വൈതാനന്തരത (Post –dualism)

ഒന്നു പോരായ്മയുള്ളത് മറ്റത് പോരായ്മയില്ലാത്തത് എന്ന നിലപാടാണ് ദ്വൈതവാദചിന്തയിലുള്ളത്. പുരുഷൻ, സ്ത്രീ എന്ന ദ്വൈതത്തിൽ പുരുഷൻ കുറവുകളില്ലാത്തവനും സ്ത്രീ കുറവുകളുള്ളവളും വെളുത്തവൻ, കറുത്തവൻ എന്ന ദ്വൈതത്തിൽ കറുത്തവൻ പോരായ്മയുള്ളവനും വെളുത്തവൻ പോരായ്മയില്ലാത്തവനും കിഴക്ക്, പടിഞ്ഞാറ് എന്ന ദ്വൈതത്തിൽ കിഴക്ക് പുരോഗതി കുറഞ്ഞയിടവും പടിഞ്ഞാറ് പുരോഗതിയുള്ളയിടവുമെന്നു കരുതപ്പെടുന്നത് ദ്വൈതവാദത്തിൻ്റെ ഫലമാണ്.

ദ്വൈതവാദത്തിലെ രണ്ടുതരത്തിലുള്ള സ്വത്വനിർമ്മിതിയെ നിരുത്സാഹപ്പെടുത്തുകയാണ് ദ്വൈതാനന്തരതയിൽ. മാനവാനന്തരവാദികൾ പറയുന്നത് ദ്വൈതവാദം മനുഷ്യനുൾക്കൊള്ളുന്ന ലോകത്തെ മനസ്സിലാക്കാനും വിശദീകരിക്കാനും ശേഷിയുള്ള മാർഗ്ഗമല്ല എന്നാണ്. മാനവാനന്തരതയിൽ മനുഷ്യൻ, മനുഷ്യനല്ലാത്തത് എന്ന വിഭജനം പോലും ഉചിതമല്ലെന്ന അഭിപ്രായമാണുള്ളത്. കാരണം മനുഷ്യശരീരത്തിനുള്ളിൽത്തന്നെ അവൻ്റെ നിലനില്പിനു കാരണമായ സൂക്ഷ്മാണുക്കൾ പലതുണ്ടല്ലോ.

മാനവാനന്തരതയുടെ മുഖങ്ങളായി മുകളിൽ വിശദമാക്കിയവയിൽ മാനവ-അനന്തരതയിലും നരവംശകേന്ദ്രീകൃതാനന്തരതയിലും ദ്വൈതാനന്തതയിലും പൊതുവായുള്ളത് മനുഷ്യന് ഇവയിലുള്ള സ്ഥാനമാണ്. മനുഷ്യനു നല്കുന്ന പ്രഥമസ്ഥാനം. ഏറ്റവുമുയർന്ന മൂല്യം. മനുഷ്യ സഹജമായ ഗുണങ്ങളിലെ ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടാകുന്ന പൊരുത്തക്കേടുകൾ എന്നിവയെയാണ് മാനവാനന്തരനെ പ്രശ്നവത്ക്കരിക്കുന്നത് മനുഷ്യന് പ്രപഞ്ചത്തിലും പ്രപഞ്ചത്തിന്മേലും കാലാകാലങ്ങളായി നല്കപ്പെട്ടിരുന്ന / അവൻ സൃഷ്ടിച്ചെടുത്ത സ്ഥാനത്തെ അപനിർമ്മിക്കുകയാണ മാനവാനന്തരതയുടെ ലക്ഷ്യം.

## 4. മാനവികതാന്തരത (Transhumanism)

മാനവാനന്തരചിന്തയിൽ സവിശേഷശ്രദ്ധ നേടിയ മാനവികതാന്തരതയുടെ അടിസ്ഥാനം ജ്ഞാനോദയത്തിൻ്റെ ചിന്തകളിലാണ്. ജ്ഞാനോദയത്തിൻ്റെ പ്രധാന ആശയം യുക്തിയി (Rationality) ലധിഷ്ഠിതമായ പുരോഗതിയാണ്. മനുഷ്യന്റെ സർവതോന്മുഖമായ ശേഷികളെ മെച്ചപ്പെടുത്തുകയാണ് (Humen enhancement) മാനവികതാന്തരതയുടെ ഉദ്ദേശം. മാനവികതാന്തരതയിലും മാനവാനന്തരതപോലെ പല ചിന്താധാരകൾ ഉണ്ട്. ഇവയെല്ലാം ലക്ഷ്യം വയ്ക്കുന്നത് മാനവശേഷിവിപുലീകരണമാണ് . ഡെമോക്രാറ്റിക് ഹ്യൂമനിസം, ലിബർത്താരിയൻ ഹ്യൂമനിസം, എസ്റ്റോപ്പിയനിസം എന്നിങ്ങനെയുള്ള വിവിധ ശാഖകളിലെല്ലാം എങ്ങനെയാണ് മാനവശേഷി വിപുലീകരണം നടക്കുന്നുവെന്നതാണ് പ്രശ്നം. രണ്ടു മാർഗ്ഗങ്ങളാണ് ഇതിന് മാനവികതാത്തരതാവാദികൾ മുന്നോട്ടുവയ്ക്കുന്നത് ശാസ്ത്രവും സാങ്കേതികവിദ്യയുമാണ് അവ.

മാനവശേഷി വിപുലനത്തിനുവേണ്ടി ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും ഉപയോഗിക്കുന്ന രീതികളിലെ വ്യതിരിക്തതകളാണ് മാനവികതാന്തരതയിലെ വ്യത്യസ് ചിന്താധാരകൾക്കു കാരണം. ഡെമോക്രാറ്റിക് ട്രാൻസ് ഹ്യൂമനിസത്തിൽ മാനവശേഷി വിപുലനത്തിനുള്ള സാങ്കേതികവിദ്യകൾ എല്ലാവർക്കും പ്രാപ്യമായിരിക്കണം എന്ന ആശയമാണുള്ളത്. സാമ്പത്തികം, വംശം, ലിംഗം എന്നിവ മൂലം ഒരു മനുഷ്യനും മെച്ചപ്പെടാനുള്ള സാധ്യതകൾ നഷ്ടമാകരുത് എന്നാണ് ഈ വീക്ഷണത്തിൻ്റെ കാതൽ. ലിബർത്താരിയൻ വീക്ഷണത്തിൽ മാനവികതാന്തരത വളരണമെങ്കിൽ സർവ്വസ്വതന്ത്രമായ കമ്പോളമാണ് ആവശ്യമെന്ന നിലപാടാണുള്ളത്. കൂടുതൽ മെച്ചപ്പെടാനുള്ള സാങ്കേതികതയെ എല്ലാവർക്കും പ്രാപ്യമാക്കുക എന്നത് ഇവിടെ ലക്ഷ്യമല്ല. കാരണം ഒന്നിന് വളർച്ച ഉണ്ടാവണമെങ്കിൽ മത്സരക്ഷമത ഉണ്ടാവണം. എല്ലാവരെയും ഉൾച്ചേർക്കാൻ ശ്രമിച്ചാൽ മത്സരക്ഷമത കുറയും എക്സ്റ്റോപ്പിയൻ ട്രാൻസ്സ്യൂമനിസത്തിൽ മനുഷ്യബുദ്ധിയുടെ ഫലമായി സാങ്കേതികവിദ്യയുടെ വളർച്ച വഴി മരണമില്ലാത്ത ലോകം (ജീവിതകാലയളവ് അനന്തമായി നീണ്ടുപോകുന്നത് ) സാധ്യമാകുമെന്ന വീക്ഷണമാണുള്ളത്. അതായത്, ഇത് പൂർത്തിയായ ഒന്നല്ല മറിച്ച് ഇന്നും വളരുന്ന സാങ്കേതിക വിദ്യയുടെ ഫലമായി സംഭവിക്കേണ്ട ഒന്നാണ്.

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ച മനുഷ്യപ്രകൃതിയെയും അതോടുകൂടി ലോകത്തെ മുഴുവനെയും മെച്ചപ്പെടുത്തും. ആരോഗ്യരംഗം, ജീവിതകാലയളവ്, സംവേദനാത്മകമായ കഴിവുകൾ എന്നിവയെല്ലാം വളരും. നിക്ക് ബോസ്റ്റോ പറയുന്നതനുസരിച്ച് "മാനവികതാന്തരത ഭൗതികമായ മാനവികതയുടെയും ജ്ഞാനോദയ ചിന്തയുടെയും അതിരുകവിഞ്ഞ വളർച്ചയാണ് " [3]. ബോസ്റ്റോ ഇവിടെ ഉദ്ദേശിക്കുന്ന ജ്ഞാനോദയം ശാസ്ത്രീയമായ ജ്ഞാനോദയമാണ്.

ശാസ്ത്രസാങ്കേതികവിദ്യയെ മനുഷ്യനുൾക്കൊള്ളുന്ന ജീവികളുടെയും സൂക്ഷ്മജീവികളുടെയും അചേതനപ്രപഞ്ചത്തിൻ്റെയും സൗഖ്യത്തിനായി ഉപയോഗിക്കുന്നതാണ് ഇവിടെ മാനവികതാന്ത രതയുടെ പ്രവർത്തനമണ്ഡലം. ഫ്രാൻസെസ്കോ ഫെറാണ്ടയുടെ അഭിപ്രായത്തിൽ പുതിയ കാലഘട്ടത്തിൽ മനുഷ്യൻ എന്ന സങ്കല്പത്തെ പുനർരൂപീകരിക്കാൻ ശാസ്ത്രസാങ്കേതികവിദ്യയെ ഉപയോഗിക്കുന്നതാണിത്. ഇങ്ങനെയുള്ള പുനർരൂപീകരണങ്ങളുടെ ഫലമായി മനുഷ്യനുണ്ടായ തിരിച്ചു പോകാനാവാത്ത മാറ്റം മനുഷ്യന്റെ തന്നെ പരിണാമമായിത്തീർന്നു. ഇത് മാനവാനന്തരതയ്ക്ക് വഴി നൽകുന്നു [4].

മാനവികതാന്തരരുടെ അഭിപ്രായത്തിൽ നമ്മൾ മാനവാനന്തരരായിട്ടില്ല ഇത് ട്രാൻസ്ഹ്യൂമൻ കാലഘട്ടമാണ് (Transhumen era). മാനവാനന്തരതയ്ക്ക് ഉദാഹരണമായി മാനവികതാന്തരർ പറയുന്നത് മൈൻഡ് അപ്‌ലോഡിങ് പോലെ സങ്കീർണമായ കാര്യങ്ങളാണ്. അതായത് മനുഷ്യന് അവന്റെ വിശേഷബുദ്ധിയെ (Consciounsess) ഒരു യന്ത്രത്തിലേക്ക് പകർത്താം. അതിനെ മനുഷ്യൻ എന്ന് വിളിക്കാമോ? ഇല്ല! കാരണം, മനുഷ്യന് ജീവശരീരം വേണം. അതിനെ യന്ത്രമെന്ന് വിളിക്കാമോ? സാധിക്കില്ല! കാരണം, അതിനു മനുഷ്യനുള്ള വിശേഷബുദ്ധിയുണ്ട്. അത് മനുഷ്യൻ്റെയും യന്ത്രത്തിന്റെയും ഒരു സങ്കരമാണ്. തലമുറകൾക്ക് ശേഷം പരിണാമങ്ങളിലൂടെ പുതിയൊരു ജീവിവർഗ്ഗം ഇതിൽ നിന്ന് രൂപപ്പെടാം. ഈ ജീവിവർഗ്ഗത്തിൻ്റെ ഉൽപ്പത്തിയെ ആണ് മാനവികതാന്തരർ മാനവാനന്തരത എന്നു വിളിക്കുന്നത്. ഫ്രാൻസിസ്കോ ഫെറാണ്ടാ പറയുന്നതുപോലെ ജീവശാസ്ത്രപരവും സാങ്കേതികവുമായ പരിണാമസാധ്യതകളെ പ്രശ്നവത്ക്കരികയാണ് ഉഭയമാനവികതയിൽ "കഴിഞ്ഞ കാലത്തിന്റെയോ ഇന്നിന്റെയോ പൈതൃകങ്ങളെ ആധാരമാക്കിയല്ല മറിച്ച്, അവനിൽ ഉറങ്ങിക്കിടക്കുന്ന സാധ്യതകളെ ഉദ്ദീപ്തമാക്കുന്നത് വഴിയാണ് " ഇതു സംഭവിക്കുന്നത് [2].

## 5. മാനവാനന്തരത ഉഭയമാനവികത – വ്യതിരിക്തതകൾ

മാനവാനന്തരതയിലെ പ്രധാന ഭാഗമായാണ് മാനവികതാന്തരത കരുതപ്പെടുന്നത്. പ്രകടമായ വ്യത്യാസങ്ങളുള്ള ഇവ രണ്ടിലുമുള്ള വൈജാത്യങ്ങളെ മറയ്ക്കുന്നത് മനുഷ്യൻ എന്ന ജീവിക്ക് ഇവ രണ്ടിലും ഉള്ള പ്രാധാന്യമാണ്. എങ്കിലും സൂക്ഷ്മനിരീക്ഷണത്തിൽ താഴെപ്പറയുന്ന വ്യത്യാസങ്ങൾ ഇവ രണ്ടും തമ്മിൽ കാണാൻ സാധിക്കും.

(1) മാനവാനന്തരതയിൽ മനുഷ്യനെ അപനിർമ്മിക്കുന്നു. അതിലൂടെ ജീവജാലങ്ങൾക്കു മനുഷ്യനോടൊപ്പം തുല്യ പ്രാധാന്യമാകുന്നു. എന്നാൽ മാനവികതാന്തരതയിൽ മനുഷ്യന്റെ ശേഷികളെ ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്താൽ വർദ്ധിപ്പിക്കുന്നു. മനുഷ്യൻ്റെ കഴിവുകളും സിദ്ധികളും

വർദ്ധമാനമാകുമ്പോൾ മറ്റു ജീവിവർഗങ്ങളും അഭിവൃദ്ധിപ്പെടും എന്ന ആശയമാണ് മാനവികതാന്തരതയിൽ.

(2) മാനവാനന്തരതയിൽ മനുഷ്യനെ മാത്രം ശ്രേഷ്ഠജീവിവർഗ്ഗമായിക്കാണുന്ന ഏകശിലാത്മകമായ നിർവചനങ്ങളെ മാറ്റിയെഴുതുമ്പോൾ മാനവികതാന്തരതയിൽ ശാസ്ത്രസാങ്കേതികവിദ്യയുടെ വിസ്ഫോടനം വഴി മനുഷ്യൻ എന്ന യാഥാർത്ഥ്യം പരിണാമ വിധേയമാകുന്നു. അതോടൊപ്പം പുതിയൊരു ജീവിവർഗ്ഗത്തിൻ്റെ ഉദയം പോലുമുണ്ടാകുമെന്ന അഭിപ്രായമിവർ വച്ചു പുലർത്തുന്നു.

(3) മാനവികതാന്തരതയിൽ മാനവികതാവാദം പൂർണമായി പുറന്തള്ളപ്പെടുന്നില്ല. കാരണം, മനുഷ്യന്റെ അഭിവൃദ്ധിയാണിതിന്റെ  പ്രധാനലക്ഷ്യം. എന്നാൽ, മാനവാനന്തരതയിൽ എല്ലാ ജീവിവർഗങ്ങൾക്കും തുല്യപ്രാധാന്യമുള്ളതിനാൽ മാനവികതാവാദത്തിൻ്റെ കടുംപിടുത്തങ്ങളെ ഇവർ നിഷേധിക്കുന്നു.

**6. മാനവാനന്തരതയും സാങ്കേതികവിദ്യയും**

അമേരിക്കൻ സാഹിത്യ നിരൂപകയായ നാൻസി കാതറിൻ ഹെയിൽസ് (1943 )തന്റെ "How We Became Posthuman' എന്ന പുസ്തകത്തിൻ്റെ ഉപസംഹാരത്തിൽ പറയുന്നത് മാനവാനന്തരത എന്നത് ഒരേ സമയം ഭയമുളവാക്കുന്നതും സന്തോഷദായകവുമാണെന്നാണ്. മാനവാനന്തരം എന്നതിലെ അനന്തരത (Post) എന്ന ഉപസർഗ്ഗം അതിലെ ദ്വയാർത്ഥം മൂലം വെളിവാക്കുന്നത് മനുഷ്യന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നുവെന്നാണെന്ന് അവർ പറയുന്നു. ഹാൻസ് മൊറാവേ, മൈക്കിൾ ഡയർ എന്നീ ഗവേഷകരുടെ അഭിപ്രായങ്ങളെക്കൂട്ടുപിടിച്ച് ബൗദ്ധികമായ തലത്തിൽ മാത്രമല്ല "ഭൂമിയിലെ ഏറ്റവും പ്രബലമായ ജീവിവർഗ്ഗം എന്ന നിലയിൽനിന്നുപോലും സവിശേഷ ബുദ്ധിയാർജ്ജിച്ചിരിക്കുന്ന മെഷീനുകളാൽ അവൻ പുറംതള്ളപ്പെടുമെന്ന് " [5] ഹെയിൽസ് പറയുന്നു.

മാനവാനന്തര കാലഘട്ടത്തിൽ സവിശേഷമായ ഒരു കാര്യമാണ് കൃത്രിമ ബുദ്ധിയെങ്കിലും മാനവാനന്തരതാവാദികൾ സാങ്കേതികവിദ്യയിലൂടെയുണ്ടാകുന്ന വളർച്ചയെമാത്രം തങ്ങളുടെ സൈദ്ധാന്തിക അടിത്തറയാക്കി മാറ്റുന്നില്ല. മാനവാനന്തരതാവാദത്തിൽ സാങ്കേതികവിദ്യ പ്രപഞ്ചത്തിലെ ജീവികളെയെല്ലാം തുല്യനിലയിൽ കൊണ്ടുവരുന്നതിനുള്ള അനേക മാർഗങ്ങളിൽ ഒന്നുമാത്രമാണ്. ഹെയിൽസ് തന്റെ പുസ്തകത്തിൻ്റെ പ്രാരംഭത്തിൽ പറയുന്നുണ്ട് മാനവാനന്തരതയിൽ "ശാരീരികാസ്തിത്വവും കമ്പ്യൂട്ടറിൻ്റെ സാന്നിദ്ധ്യവും തമ്മിലും സൈബർ മെഷീനുകളും ജീവിവർഗ്ഗങ്ങളും തമ്മിലും റോബോട്ടുകളും മനുഷ്യനും തമ്മിലും അടിസ്ഥാനപരമായ വ്യത്യാസങ്ങളോ ആത്യന്തികമായ വ്യവച്ഛേദിക്കലുകളോ ഇല്ല" [5] എന്ന്.

ഹെയിൽസിന്റെ അഭിപ്രായം തീവ്രനിലപാടായിക്കാണുന്നതാണ് യുക്തിഭദ്രം. എന്നാൽ, ഡോണ ഹാരവേ 'Simians, Cyborgs and Women'-ൽ മൃഗം, യന്ത്രം, മനുഷ്യൻ എന്ന സങ്കല്പത്തിലൂടെ സമകാല മനുഷ്യന്റെ ഉഭയാവസ്ഥയെ സാങ്കേതികപരിണാമത്തിൻ്റെ പശ്ചാത്തലത്തിലാണ് മാനവാനന്തരതയുമായി ബന്ധിപ്പിക്കുന്നത് [6]. ഹാരവെയുടെ സൈബോർഗ് സാങ്കേതിക അതിപ്രസരമുള്ള ട്രാൻസ്ഹ്യൂമൻ അല്ല. മറിച്ച്, പരമ്പരാഗത ഹ്യൂമനിസ്റ്റ് സങ്കല്പത്തിലെ ആധിപത്യം പേറുന്ന ജീവിയായ മനുഷ്യൻ്റെ പുനക്രമീകരണം ആണ്.

ഫ്രഞ്ച് സൈദ്ധാന്തികനായ ഴീൽ ഡെല്യൂസിന്റെ (Gilles Deleuze 1925–1995) അന്തഃസ്ഥിതത്വം (immanence) തത്ത്വശാസ്ത്രത്തിൻ്റെ വെളിച്ചത്തിൽ മാനവാനന്തരതയും സാങ്കേതികതയും തമ്മിലുള്ള ബന്ധത്തെ നിർവ്വചിക്കുകയാവും ആശാസ്യം.

മനുഷ്യനും മറ്റ ശക്തികളേപ്പോലെതന്നെയുള്ള ഒന്നാണ്. എന്നാൽ അവനിൽ അന്തർലീനമായ (immenant) ഊർജ്ജസ്വലതയും സർഗാത്മകമായ ആന്തരികതയും വഴി അവൻ പ്രകൃതിയെയും ചരിത്രത്തെയും സ്വാധീനിക്കാൻ കഴിവുള്ളവനാണ്. ആ സ്വാധീനിക്കൽ ഭാവാത്മകമായി മാറിയാൽ മതി. സാങ്കേതികവിദ്യയുടെ അതിപ്രസരത്തെയും നിയന്ത്രിക്കാൻ മനുഷ്യന് കഴിയുമെന്നതിനാൽ മാനവാനന്തരകാലഘട്ടത്തിൽ സാങ്കേതികത ഒരു ഭീഷണിയായി മാറുമെന്ന ഭയം അസ്ഥാനത്താണതാനും.

7. **പരിസ്ഥിതിയും മാനവാനന്തരതയും**

മാനവാനന്തരതയുടെ പ്രത്യയശാസ്ത്രം പ്രപഞ്ചത്തിലെ ജീവജാലങ്ങളെല്ലാം തുല്യസ്ഥാനത്തോടെ പരിഗണിക്കുന്ന ചിന്താധാരയാണ്. അതിനാൽത്തന്നെ പ്രകൃതിയുടെ കാവൽക്കാരനാണ് മനുഷ്യൻ എന്ന കാലങ്ങളായുള്ള കാഴ്ചപ്പാടിനിതിൽ വ്യതിയാനം വരുന്നു. മുമ്പ് മൃഗങ്ങളെയും സസ്യങ്ങളെയും വിശേഷബുദ്ധിയില്ലാത്ത ജീവികളായും വസ്തുക്കളായും കണ്ടിരുന്ന രീതി മാറി അവയുടെ അസ്തിത്വത്തെ മനുഷ്യാസ്തിത്വത്തിനു തുല്യമായതായിക്കാണാൻ തുടങ്ങി. എല്ലാ നൂതനമായ കണ്ടുപിടിത്തങ്ങളും ഗഹനവും സമ്പൂർണ്ണവുമായ മാറ്റത്തിന് കാരണമാകും. Politics of Nature എന്ന ഗ്രന്ഥത്തിൽ ബ്രൂണോ ലറ്റോർ (Bruno Latour 1947– ) പറയുന്ന 'സങ്കീർണ്ണതയും സമഗ്രബന്ധവും ആഗോളപരിസ്ഥിതി ഘടനയുമെല്ലാം പാരിസ്ഥിതികമായ ചിന്തയ്ക്കാണ് വഴിവയ്ക്കുന്നത്. ആത്യന്തിക വിശകലനത്തിൽ എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും കാണാം. [7] മനുഷ്യനും അവൻ്റെ ബന്ധങ്ങളും നിർമ്മിച്ച സമൂഹമെന്ന സാമൂഹിക ഘടനയെ കൂടുതൽ സമഗ്രവും വൈവിധ്യമാർന്ന ജീവജാലങ്ങളുൾക്കൊള്ളുന്നതുമായ 'കൂട്ടം' കൊണ്ട് പകരം വയ്ക്കുന്ന രീതിയാണിത്. ഇവിടെ ഒന്നും ഒന്നിൻ്റെയും അധിപനല്ല, സംരക്ഷകനുമല്ല. ആധിപത്യത്തിലും സംരക്ഷണത്തിലും അധീശത്വം നിറഞ്ഞിരിക്കുന്നതാണീ ചിന്താരൂപീകരണത്തിനു കാരണം

മാനവാനന്തരദർശനത്തിലെ പരിസ്ഥിതിദർശനം പുതിയതാണ്. കാരണം, അസ്വസ്ഥമാക്കപ്പെടാത്തതും താറുമാറാക്കപ്പെടാത്തതുമായ പ്രകൃതി ഇപ്പോൾ ഇല്ല. ഉത്തരാധുനിക കാലഘട്ടത്തിൽ പുനർനിർമ്മാണം സാധ്യമാകാത്ത അജൈവ മാലിന്യങ്ങളാൽ പ്രകൃതി കളങ്കപ്പെട്ടുകയാണ്. വ്യവസായ വിപ്ലവാനന്തരം ഉണ്ടായ പരിണാമം ജലഘടന, മണ്ണിൻ്റെ ഘടന, അന്തരീക്ഷം എന്നിവയെയെല്ലാം കാര്യമായി ബാധിച്ചു. പ്രകൃതിയിലെ ജീവജാലങ്ങൾക്കെല്ലാം വ്യക്തിസത്ത ആരോപിക്കുന്ന രീതിയിലുള്ള ദർശന രൂപീകരണത്തിനേ ഇനി സമഗ്രമായ പാരിസ്ഥിതിക കാഴ്ചപ്പാട് പുലർത്താനാവൂ. മനുഷ്യജീവികളും മനുഷ്യരല്ലാത്ത മറ്റു ജീവികളും പരസ്പരം ബന്ധപ്പെട്ടിരിക്കുകയും പരസ്പരം ആശ്രയിച്ചിരിക്കും ചെയ്യുന്നതാണെന്ന ദർശനം മാനവാനന്തതയിലേയുള്ളൂ. അതിനാൽ നാമറിയാതെ നമ്മെ നശിപ്പിക്കുന്ന പാരിസ്ഥിതിക നശീകരണങ്ങൾക്കുള്ള ഒരു ഔഷധം കൂടിയാണ് മാനവാനന്തരത.

**8. മാനവാനന്തരതയും സ്ത്രീവാദവും**

അന്തർദേശീയതലത്തിൽ മാനവാനന്തരത ശ്രദ്ധ നേടിയത് നാൻസി കാതറിൻ ഹെയിൽസിന്റെ "How We Became Posthuman' എന്ന പുസ്തകത്തിലൂടെയാണ്. വിമർശനാത്മക സ്ത്രീവാദ കാഴ്ചപ്പാടിൽ നിന്ന് രചിക്കപ്പെട്ടതായിരുന്നു ഈ പുസ്തകം. സിദ്ധാന്തങ്ങൾ എന്ന നിലയിൽ സ്ത്രീവാദ കാഴ്ചപ്പാടും മാനവാനന്തരതയും തമ്മിലെങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നത് പ്രസക്തമായ ചോദ്യമാണ്. സ്ത്രീവാദചിന്തയുടെ ഉത്പത്തിതന്നെ സ്ത്രീ അടിച്ചമർത്തപ്പെടുന്നു എന്ന സാഹചര്യത്തിലാണ് സ്ത്രീയെ ഒരു വ്യക്തിയായി (Subject) അംഗീകരിക്കാതിരിക്കുന്ന സാഹചര്യം മാനവാനന്തര ദർശനങ്ങൾക്കന്യമാണ്. മാനവികതാവാദം പുരുഷനെയാണ് മനുഷ്യവംശത്തിന്റെ പ്രതിനിധിയായിക്കണ്ടിരുന്നത്.

മനുഷ്യൻ എന്ന സംവർഗ്ഗത്തിൽ പുരുഷനെയാണ് മാനവികത കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചത്. ആ കേന്ദ്രത്തെ അപനിർമ്മിക്കുകയാണ് മാനവാനന്തര സ്ത്രീവാദ കാഴ്ചപ്പാടിൽ ചെയ്യുന്നത്. പുരുഷൻ മാത്രം മനുഷ്യവംശത്തിന്റെ പ്രതിനിധിയായാൽ അത് അപൂർണ്ണമാകും. സ്ത്രീയും പുരുഷനും കേന്ദ്രസ്ഥാനത്ത് വന്നാൽ ലിംഗപരമായും അത് പൂർണ്ണമാകും. മാനവാനന്തതയുടെ പ്രഖ്യാപിത ലക്ഷ്യവും ഇതു തന്നെയാണ്. ഏകകേന്ദ്രത്തിൽനിന്നു പല കേന്ദ്രങ്ങളിലേക്ക് കടക്കുന്നത് എല്ലാത്തിനും തുല്യ പ്രാധാന്യം നൽകും

**9. മാനവാനന്തരത – ഒരു ധാർമ്മികവിശകലനം**

മാനവാനന്തരചിന്താപദ്ധതി നിലനിൽക്കുന്ന വ്യവസ്ഥിതിക്കെതിർവ്യവസ്ഥിതിയെ നിർദ്ദേശിക്കുന്നതിനാൽ അതിന്റെ ധാർമ്മികതാവിശകലനം പ്രസക്തമാണ്. പ്രത്യക്ഷ ധാർമ്മികവിശകലനത്തിൽ പോരായ്മ കണ്ടെത്താൻ കഴിയാത്ത ധാർമ്മികാടിത്തറയാണ് മാനവാനന്തരതയുടേത്.

മാനവാനന്തരചിന്തയെ ശ്രേഷ്ഠമാക്കുന്നതുതന്നെ കൊടുക്കൽ വാങ്ങലുകൾ ഇല്ലാതെ ആന്തരികവിനിമയത്തെ അത് പ്രോത്സാഹിപ്പിക്കുന്നു എന്നതാണ്. മുൻകാല ചിന്തയിൽ കൂടുതൽ കയ്യൂക്കുള്ള ജീവിവർഗ്ഗം കൊടുക്കുകയും കയ്യൂക്കു കുറഞ്ഞ ജീവിവർഗ്ഗം സ്വീകരിക്കുകയും ചെയ്യുന്നു. ഇവിടെ പ്രകടമാകുന്ന അധീശത്വത്തിന്റെ തത്ത്വശാസ്ത്രം ഒരു കേന്ദ്രത്തെ സൃഷ്ടിക്കുന്നു. ഇതിനെതിരു നില്ക്കുന്ന ജ്ഞാനപദ്ധതിയായതിനാൽ ധാർമ്മികതാ വിശകലനത്തിൽ മാനവാനന്തരതയ്ക്ക് മേൽക്കൈ നേടാൻ കഴിയുന്നു.

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ളതായി ചിത്രീകരിച്ചിരുന്ന നികത്താനാവാത്ത വിടവ് (ഗുണനിലവാരത്തിലെ വിടവ്) മാനവികതാവാദത്തിലെ പോരായ്മയായിരുന്നു. എല്ലാ ജീവികളും വ്യത്യസ്തമായ പ്രത്യേകത ഉള്ളവരാണ്. മനുഷ്യൻ എന്ന ജീവിക്ക് ഉള്ള പ്രത്യേകതയല്ല മനുഷ്യനല്ലാത്ത മറ്റൊരു ജീവിക്കുള്ളത്. ഇങ്ങനെയുള്ള സമഗ്രദർശനം മാനവാനന്തര ധാർമ്മികതയെ ഉന്നതതലങ്ങളിൽ പ്രതിഷ്ഠിക്കുന്നു.

മാനവാനന്തരതയിലെ ഒരു വിഭാഗമായ മാനവികതാന്തരതയിൽ (Transhumanism) ശാസ്ത്രസാങ്കേതികവിദ്യയെ പരിധികളില്ലാതെ മനുഷ്യനും മനുഷ്യനുൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെയും സുസ്ഥിതിക്കുവേണ്ടി ഉപയോഗിക്കുമ്പോൾ അതിനെ ഭയത്തോടെ കാണുന്നതിനെ കുറ്റപ്പെടുത്താനാവില്ല.

സാങ്കേതികതയുടെ വളർച്ച വിസ്ഫോടനാത്മകമായ നിലയിലെത്തി പ്രപഞ്ചത്തെ മാറ്റിമറിക്കുന്നൊരു രീതിയുണ്ടായാൽ മാനവാനന്തര ധാർമ്മികത സ്വീകരിക്കുന്ന നിലപാട് എന്താണെന്ന ചോദ്യം നിലനിൽക്കുന്നു. കൃത്രിമ ബുദ്ധിയുള്ള റോബോട്ടുകൾക്കും മറ്റും വ്യക്തിത്വം കല്പിക്കുന്ന നിലപാടുകളെപ്പറ്റിയുള്ള ധാർമ്മികാപഗ്രഥനം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

ധാർമ്മികനിലപാടുകൾ രൂപീകരിക്കപ്പെടുന്നത് ഏതെങ്കിലും ഒന്നിനെ പ്രധാന സ്ഥാനത്ത് പ്രതിഷ്ഠിച്ചാണ്. ഇര, വേട്ടക്കാരൻ എന്ന ദ്വന്ദ്വത്തിന്റെ വിപുലീകരണമാണ് ധാർമ്മിക നിലപാടുകളെ അവശ്യമാക്കിത്തീർക്കുന്നത്. പല കേന്ദ്രങ്ങളെ അംഗീകരിക്കുന്ന ആശയ സംഹിതയായ മാനവാനന്തരതയിൽ ധാർമ്മികനിലപാടുകൾ കൂടുതൽ ശക്തമായ അടിത്തറയിൽ പടുത്തുയർത്തേണ്ടിവരുമെന്ന് സാരം. ഇങ്ങനെയുള്ള യാഥാർത്ഥ്യങ്ങൾ നിലനിൽക്കെത്തന്നെ ഒരു വ്യത്യസ്ത പ്രത്യയശാസ്ത്രമെന്ന നിലയിൽ മാനവാനന്തരതയുടെ നിലപാടുകൾ ധാർമ്മികമായി പ്രശംസ അർഹിക്കുന്നതാണെന്നു കാണാം.

## ഉപസംഹാരം

മനുഷ്യനന്മയ്ക്കു വേണ്ടിയാണ് വിവിധ തത്ത്വചിന്താപദ്ധതികൾ കാലാകാലങ്ങളായി ഉയിർകൊണ്ടിരുന്നത്. ഇതിൽനിന്നു വ്യത്യസ്തമായ ചിന്താപദ്ധതിയാണ് മാനവാനന്തരത. നിലപാടുകളിലുള്ള വ്യക്തതയും സമഗ്രതയും ആണ് ഇതിൻ്റെ പ്രത്യേകത. സമഗ്രാധിപത്യപരമായ ചിന്തകളെയും അധീശത്വാത്മകമായ ചിന്താഗതികളെയും കൃത്യമായെതിർക്കുകയും എല്ലാ ജീവജാലങ്ങൾക്കും തുല്യപ്രാധാന്യം നൽകുകയും ചെയ്യുന്ന ചിന്താപദ്ധതി പ്രയോഗപരത യിലൂന്നിയതായതിനാൽ പ്രയോഗത്തിൻ്റെ ചിന്താപദ്ധതിയെന്ന് വിളിക്കാം. വ്യത്യസ്തമായ ദേശ–സംസ്കൃതികളിൽ മാനവാനന്തരത പ്രായോഗികമാക്കുമ്പോൾ പാശ്ചാത്യചിന്താധിഷ്ഠിതമായ മാനവികതയ്ക്ക് തളർച്ച സംഭവിക്കും. ഈ തളർച്ച അനേക കേന്ദ്രങ്ങളുടെ ഉദയത്തിനും എല്ലാ ജീവജാലങ്ങളുടെയും തുല്യഅന്തസ്സിനും കാരണമാകും എന്ന ചിന്തയാണ് മാനവാനന്തര ചിന്തകർ പുലർത്തുന്നത്.

## കുറിപ്പുകൾ

1. "the human animal... the most distinctive organism on earth, and at the same time the most self- transcendent... Through layers of Consciousness."
2. "Prometheus maybe a vague metaphor of a mind struggling with the one and the many. His mind is where imagination and science, myth and technology, language and numbers sometimes meet."
3. "Humanists are a little epimethean, I fear, the astonishing convergences of imagination and science, myth and technology in contemporary culture have tended to elude them."
4. "Posthumanism is a post-centralizing, in the sense that it recognizes not one but many specific centers of interest; it dismisses the centrality of the centre in its singular form, both in its hegemonic as in its resistant modes."
5. "an outgrowth of secular humanism and enlightenment"
6. "Transhumanism recognizes science and technology as the main assets of the reformulation of the notion of the human to name an era in which such reformulations will have irredeemably impacted the evolution of the human, giving rise to the posthuman"

7. "The movement of transhumen problematize the current understanding of the humen not necessarily through its past and present legacies, but through the possibilities inscribed within its possible biological and technological evolutions."

8. "human displaced as the dominant form of life on the planet by intelligent machines"

9. "In the posthuman there are no essential differences or absolute demarcations between bodily existence and computer simulation, cybernetic mechanism and biologicsl organism, robot teleology and human goals."

10. "Complexity total connectivity, the global eco system, the catholicity that wants to embrace everything, all this is what always seem to accompany the erecting of an ecological way of thinking, a way of thinking rightly persuaded that in the final analysis everything is interconnected."

## ഗ്രന്ഥസൂചി


1. Hassan I. Prometheus as Performer: Toward a Posthumanist Culture? The Georgia Review 31 (4) (1977) 830-850.
2. Ferrando F. Posthumanism, Transhumanism, Antihumanism, Metahumanism and New Materialism Difference and Relations. *Existenz: An International Journal in Philosophy, Religion, Politics and the Arts* **8**, (2) (2013) 26-32.
3. Bostrom N. In Defence of Posthumen Identity. *Bioethics* 19 (3) (2005) 202- 214.
4. Ferrando F. Posthumanism. *Kilden Journal of Gender Research* 2 (1) (2014) 168-172.
5. Hayles K N. How We Became Posthuman Virtual Bodies in Cybernetics, Literature and Informatics. London, University of Chicago Press.1999.
6. Haraway D. Simians, Cyborgs and Women: The Reinvention of Nature. Newyork, Routledge 1991.
7. Latour B. Politics of Nature. How to Bring the Science into Democracy. London, Haward University Press, Cambridge. (2004).
8. Miah, A. A Critical History of Posthumanism. New York, Spinger, Dordrecht, 2009.
9. Beistegui, Miguel. Immanence Deluze and Philosophy. Edinburgh, Edinburgh University Press, 2010.